(ബി) എങ്കിൽ ഈ നിയമ ഭേദഗതിയിലെ വ്യവസ്ഥകൾ പാലിക്കുവാൻ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും മറ്റ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും തയ്യാറാകാത്തതുമൂലം ക്രൈസ്തവ സമുദായങ്ങൾക്ക് നിലവിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കാനുതകുന്ന വിധത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

14 (638) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കുവാൻ നിലവിൽ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽനിന്നും ഈ പ്രസിദ്ധീകരണങ്ങളുടെ കോപ്പികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ പ്രസിദ്ധീകരണങ്ങളിൽ പലതും ആഫീസുകളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാരിന്റെ പദ്ധതികൾ ജനങ്ങളെ അറിയിക്കുവാൻ ഈ പ്രസിദ്ധീകരണങ്ങൾ താഴേത്തട്ടിൽ എത്തിക്കുവാൻ പ്രായോഗികമായ മാർഗ്ഗങ്ങൾ ആലോചിക്കുമോ?

ഉത്തരം

(എ) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ വഴിയാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഡയറക്ടറേറ്റിലെ പ്രസിദ്ധീകരണ വിഭാഗത്തിൽനിന്നും. ഇൻഫർമേഷൻ സെന്ററിൽ നിന്നും ജനങ്ങൾക്ക് വിതരണം നടത്തുന്നുണ്ട്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, സ്കൂളുകൾ, കോളേജുകൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയിലൂടെയും പ്രസിദ്ധീകരണങ്ങൾ ജനങ്ങളിലെത്തിക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇപ്പോൾ നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly